LIBRARY ARCHIVES Kerala Legislative Assembly

പുതിയ ജോയിന്റ് ആർ.റ്റി. ഓഫീസുകൾ

365 (2195) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്, വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം അനുവദിച്ച എല്ലാ താലൂക്കുകളിലും ജോയിന്റ് ആർ. റ്റി. ഓഫീസ് അനുവദിച്ചിട്ടുണ്ടോ; ഏതൊക്കെ താലൂക്കുകളിലാണ് അനുവദിച്ചിട്ടുള്ളതെന്നും ഇനി അനുവദിക്കാനുള്ള താലൂക്കുകൾ ഏതൊക്കെയെന്നും വ്യക്തമാക്കുമോ ;

(ബി) അനുവദിക്കാനുള്ള താലൂക്കുകളിൽ ജോയിന്റ് ആർ. റ്റി. ഓഫീസ് അനുവദിക്കുന്നതിനുള്ള നടപടികൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ പുരോഗതിയും എന്നത്തേക്ക്നടപടികൾ പൂർത്തിയാക്കുമെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല. ഈ സർക്കാർ വന്നതിനുശേഷം അനുവദിച്ച 12 താലൂക്കുകളിൽ, ഇടുക്കി താലൂക്കിൽ ആർ.ടി. ഓഫീസും, പട്ടാമ്പി, ചാലക്കുടി, പുനലൂർ, താമരശ്ശേരി എന്നീ താലൂക്കുകളിൽ സബ് ആർ.ടി.ഓഫീസുകളും നേരത്തേ തന്നെ പ്രവർത്തിച്ചു വരുന്നുണ്ട്. താലൂക്ക് അടിസ്ഥാനത്തിൽ സബ്. ആർ.ടി. ഓഫീസുകൾ അനുവദിക്കുക എന്നതിലുപരി വാഹന പെരുപ്പം, ജനങ്ങൾക്ക് സമയബന്ധിത സേവനങ്ങൾ ലഭ്യമാക്കുക എന്നിവയാണ് പുതിയ ഓഫീസുകൾ തുടങ്ങുന്നതിന് പരിഗണിക്കാറുള്ളത്. അതിനാൽ ഓരോ താലൂക്കിലും സബ് ആർ.ടി.ഓഫീസ് അനുവദിക്കണമെന്ന് നിർബന്ധമില്ല.

(ബി) ഇല്ല.

കർണ്ണാടക സംസ്ഥാനത്തിലേക്ക് പ്രവേശിക്കുന്ന ടൂറിസ്റ്റ് ടാക്സികൾ

366 (2196) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർണ്ണാടക സംസ്ഥാനത്തിലേക്ക് പ്രവേശിക്കുന്ന ടൂറിസ്റ്റ് ടാക്സികൾക്ക് ഏർപ്പെടുത്തിയ അധിക നികുതി സംബന്ധിച്ച ടാക്സി ഡ്രൈവർമാരുടെ പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രശ്നപരിഹാരത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;